രണ്ടാം ഘട്ടം

## ഹോമിയോപ്പതി ഡയറക്ടറുടെ നടപടിക്രമങ്ങൾ, തിരുവനന്തപുരം

വിഷയം:- ഹോമിയോപ്പതി വകുപ്പ്-ശബരിമല മഹോത്സവം 2011-2012 നോടനുബന്ധിച്ച് രണ്ടാം ഘട്ടം ഡ്യൂട്ടിയിൽ പമ്പ താൽക്കാലിക ഡിസ്പെൻസറിയിലെ ചാർജ്ജ് ഓഫീസറെ മാറ്റി നിയമിക്കുന്നത് സംബന്ധിച്ച്

സൂചന:- ഹോമിയോപ്പതി ഡയറക്ടറുടെ 10.11.2011 ലെ ഇതേ നമ്പർ ഉത്തരവ്.

ഉത്തരവ് നം. പി **3/9078/2011**/ഡി.എച്ച് തിരുവനന്തപുരം
തീയതി **15.11.2011**.

ശബരിമല മണ്ഡല/മകരവിളക്ക് മഹോത്സവം 2011-2012 നോടനുബന്ധിച്ച് പമ്പ/സന്നിധാനം എന്നിവിടങ്ങളിൽ താൽക്കാലിക ഡിസ്പെൻസറിയുടെ രണ്ടാം ഘട്ടം 26.11.2011 രാവിലെ 9 മണി മുതൽ 5.11.2011 രാവിലെ 9 മണി വരെ പ്രവർത്തിക്കുന്നു. സൂചനയിലെ ഉത്തരവ് പ്രകാരം പമ്പ താൽക്കാലിക ഡിസ്പെൻസറിയിൽ ചാർജ്ജ് ഓഫീസറായി ഡോ.ആർ.സുനിൽ രാജ്, മെഡിക്കൽ ഓഫീസർ, ഗവ.ഹോമിയോ ആശുപത്രി, കണ്ണൂർ നെ നിയമിച്ചിരുന്നു. തനിക്ക് ടി തീയതികളിൽ പമ്പ താൽക്കാലിക ഡിസ്പെൻസറിയിൽ ഡ്യൂട്ടിയ്ക്ക് പോകുവാൻ സാധിക്കാത്ത മതിയായ സാഹചര്യം ഉണ്ടെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അറിയിച്ച സാഹചര്യത്തിൽ ഈ ഉത്തരവ് പുറപ്പെടുവിക്കുന്നു. പമ്പ താൽക്കാലിക ഡിസ്പെൻസറിയുടെ രണ്ടാം ഘട്ട ഡ്യൂട്ടിയ്ക്കായി 26.11.2011 രാവിലെ 9 മണി മുതൽ 5.12.2011 രാവിലെ 9 മണിവരെ ചാർജ്ജ് ഓഫീസറായ ഡോ.ആർ.സുനിൽരാജിന് പകരം ഡോ.എം.പ്രേമചന്ദ്രൻ, മെഡിക്കൽ ഓഫീസർ, ഗവ.ഹോമിയോ ഡിസ്പെൻസറി, അത്തോളി, കോഴിക്കോട് നെ നിയമിച്ച് ഉത്തരവാകുന്നു. ടി ഉദ്യോഗസ്ഥൻ പമ്പ താൽക്കാലിക ഡിസ്പെൻസറിയിലെ രണ്ടാം ഘട്ട ഡ്യൂട്ടിയിലെ ചാർജ്ജ് ഓഫീസർ ആയിരിക്കും. സൂചന ഉത്തരവിലെ എല്ലാ നിർദ്ദേശങ്ങളും പാലിക്കേണ്ടതാണ്.

ഡോ.കെ.ജമുന
ഡയറക്ടർ

പകർപ്പ്: 1) ബന്ധപ്പെട്ട വ്യക്തികൾക്ക്.
2) സ്ഥാപനമേധാവികൾക്ക്.
3) ജില്ലാ മെഡിക്കൽ ഓഫീസർ പത്തനംതിട്ട/തിരുവനന്തപുരം/കണ്ണൂർ.
4) ജി.എച്ച്.ഡി. സന്നിധാനം/പമ്പ. 5) ശബരിമല സുരക്ഷാ ഉദ്യോഗസ്ഥൻ.
6) ദേവസ്വം ബോർഡ് സെക്രട്ടറി.

ജെ.കെ.എഫ്4.9.11